**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1856** **29-09-2025 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ നടത്തിപ്പ്, ഫീസ് പിരിവ് എന്നിവയിലടക്കം ഗുരുതര ക്രമക്കേട് നടന്നുവെന്ന ഓഡിറ്റ് റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ 2023-24 വർഷത്തെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകളും പരിഹാര നിർദ്ദേശങ്ങളും ഇതര വിഷയങ്ങളും ഉൾപ്പെടുത്തിയ ഓഡിറ്റ് റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 09/09/2025 ലെ കെ.എസ്.എ.കെ.റ്റി.യു-3/46/2025 നമ്പർ കത്ത് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഫീസ് പിരിവുമായി ബന്ധപ്പെട്ട വിഷയവും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ലേണിങ് സപ്പോർട്ടിംഗ് സെന്ററുകളുടെ പ്രവർത്തനത്തിൽ പര്യാപ്തമായ രേഖകളോ നിരീക്ഷണ സംവിധാനങ്ങളോ ഇല്ല എന്ന കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ലേണിംഗ് സപ്പോർട്ടിംഗ് സെന്റർ സംവിധാനം മെച്ചപ്പെടുത്തുന്നതിനായുള്ള ശിപാർശകൾ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ 2023-24 വർഷത്തെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ക്യാമ്പസ് നിർമ്മിക്കുന്നതിനായി 2024-25 വർഷത്തിൽ കൊല്ലം പട്ടണത്തിൽ സ്ഥലം വാങ്ങി. ഈ വസ്തുവിൽ ക്യാമ്പസ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. സർവകലാശാല നൽകുന്ന UG, PG പ്രോഗ്രാമുകളുടെ എണ്ണം വർധിപ്പിച്ചു. ലേണിംഗ് സപ്പോർട്ട് സെന്ററുകളുടെ എണ്ണം 23ൽ നിന്നും ഈ അധ്യയന വർഷം മുതൽ 45 ആയി ഉയർത്തിയിട്ടുണ്ട്. കാഴ്ച പരിമിതർക്ക് 100% ഫീസിളവും മറ്റ് അംഗപരിമിതർക്ക് 50% ഫീസിളവും ഈ വർഷം മുതൽ നൽകുന്നു. ട്രാൻസ്ജെൻഡേഴ്സ് വിഭാഗം പഠിതാക്കൾക്ക് പ്രത്യേകം പരിഗണന നൽകുന്നു. |

| | | | |
|---|---|---|---|
| | | | സർവകലാശാല ERP പോർട്ടൽ കൂടുതൽ കാര്യക്ഷമവും യൂസർ ഫ്രണ്ട്ലിയുമാക്കി. |

സെക്ഷൻ ഓഫീസർ